ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ, തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ.എച്ച് 1/732/2019/മെ.വി.വ. തീയതി:02-03-2025

## പരിപത്രം

വിഷയം : മെ.വി.വ -ജീവനകാര്യം-ക്യൂറേറ്റർ തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നൽകുന്നത് സംബന്ധിച്ച് :-

പരാമർശം :
1.സർക്കാർ ഉത്തരവ്(കൈ നം.1116/61/Health തീയതി 18.07.1963.
2.സർക്കാർ ഉത്തരവ്(കൈ) നം.256/77/ Health തീയതി 1.1.19.77.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ കോഴിക്കോട്/ ആലപ്പുഴ/ തൃശ്ശൂർ/കോട്ടയം/ ഇടുക്കി മെഡിക്കൽ കോളേജുകളിൽ ക്യൂറേറ്റർ തസ്തികയിൽ നിലവിലുള്ള ഓരോ ഒഴിവുകളിലേയ്ക്ക് പരാമർ ശത്തിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം (ബൈ ട്രാൻസ്ഫർ) വഴി നിയമനം നടത്തുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1, ലാബ് അസിസ്റ്റന്റ് (ജൂനിയർ റിസർച്ച് അസിസ്റ്റന്റ) ,ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2,ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 (മീഡിയ മേക്കിംഗ്) എന്നീ തസ്തികകളിൽ ജോലി ചെയ്തു വരുന്നവരിൽ നിന്നോ ചുവടെ ചേർക്കുന്ന യോഗ്യത ഉള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

ശമ്പള നിരക്ക് :39300-83000
യോഗ്യത : ബി എസ് സി- സുവോളജി

അപേക്ഷകർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രൊഫോർമ യഥാവിധി പൂരിപ്പിച്ച് വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ സഹിതം മാർച്ച് 5 തീയതിയ്ക്ക് മുൻപ് ബന്ധപ്പെട്ട മേലധികാരി മുഖേന അതാത് പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതും പ്രിൻസിപ്പൽമാർ പ്രസ്തുത അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ച് സാക്ഷ്യപ്പെടുത്തി മാർച്ച് 10 തീയതിയ്ക്കോ അതിനു മുൻപോ ഈ കാര്യാലയത്തിൽ ലഭിയ്ക്കുന്ന തരത്തിൽ അയയ്ക്കേണ്ടതുമാണ്.വൈകി ലഭിയ്ക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

THOMAS MATHEW

Signed by
Thomas Mathew
Date: 02-03-2025 19:20:35

DIRECTOR

സ്വീകർത്താവ് :

1. പ്രിൻസിപ്പൽ,ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/ തൃശ്ശൂർ/കോഴിക്കോട്/ഇടുക്കി /മഞ്ചേരി/കൊല്ലം/എറണാകുളം/കോന്നി/കാസർഗോഡ്
2. പ്രിൻസിപ്പൽ,ദന്തൽ കോളേജ് തിരുവനന്തപുരം/ആലപ്പുഴ/കോട്ടയം/തൃശ്ശൂർ/കോഴിക്കോട്
3. ഡയറക്ടർ , കണ്ണാശുപത്രി,തിരുവനന്തപുരം
4. വെബ് സൈറ്റ് /ഫയൽ

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ക്യൂറേറ്റർ (Curator) തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ 18.07.1963 തീയതിയിലെ സ.ഉ.(കൈ)നം.1116/61/1631 ,1.1.1977 തീയതിയിലെ സ.ഉ.(കൈ)നം.256/77/116817 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥാനക്കയറ്റം (തസ്തികമാറ്റം) മുഖേന നികത്തുന്നതിനുള്ള അപേക്ഷ.

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | അപേക്ഷകന്റെ തസ്തിക | |
| 3. | ജോലി ചെയ്യുന്ന സ്ഥാപനം | |
| 4. | യോഗ്യത,വിദ്യാഭ്യാസം | |
| 5. | ശമ്പളം,ശമ്പള നിരക്ക് | |
| 6. | സർക്കാർ സ്ഥാപനത്തിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 7. | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി | |
| 8. | ഇപ്പോൾ സേവനം അനുഷ്ഠിക്കുന്ന തസ്തികയിൽ പ്രവേശിച്ച തീയതി | |
| 9. | ടി തസ്തികയിൽ നിരീക്ഷണകാല സേവനം പൂർത്തിയായതായി പ്രഖ്യാപിച്ച തീയതിയും ഉത്തരവ് നമ്പരും (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) | |
| 10. | യോഗ്യമല്ലാത്ത കാലം | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എൻറെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ..........................................ആയ ഞാൻ പ്രസ്താവിക്കുന്നു.മേൽപ്പറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

ഒപ്പ്:

സ്ഥലം: പേരും തസ്തികയും:

തീയതി: സ്ഥാപനം :

അപേക്ഷയിലെ ക്രമ നം.1 മുതൽ 10 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന പുസ്തകവുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്:

സ്ഥലം: മേലധികാരിയുടെ തസ്തിക:

തീയതി:

ഓഫീസ് മുദ്ര

സ്ഥലം:

തീയതി:

പ്രിൻസിപ്പാൾ

ഓഫീസ് മുദ്ര